# കേരള സർവകലാശാല

നം.പി.ആർ.225/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### സീറ്റൊഴിവ്

കമ്പ്യൂട്ടർ സയൻസ്, ഒപ്റ്റോ-ഇലക്ട്രോണിക്സ് പഠന വകുപ്പുകളിൽ എം. ടെക് കോഴ്സിന് ജനറൽ/ഒ.ബി.സി/എസ്.സി./എസ്.ടി വിഭാഗങ്ങൾക്കും ഹിസ്റ്ററി പഠന വകുപ്പിൽ എം. എ. ഹിസ്റ്ററിയിൽ എസ്.സി./എസ്.ടി വിഭാഗക്കാർക്കും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ എം. എ. ഇംഗ്ലീഷിന് എസ്.സി. വിഭാഗത്തിലും ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ ഒക്ടോബർ 15 ന് 10 മണിക്ക് നടത്തും. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളും രേഖകളുമായി അതാത് പഠന വകുപ്പുകളിൽ ഹാജരാകണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.കോം (റഗുലർ – 2017 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് – 2016 അഡ്മിഷൻ, സപ്ലിമെന്ററി – 2015, 2014, 2013 അഡ്മിഷൻ) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി നവംബർ 5 വരെ അപേക്ഷിക്കാം.

ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ് & ഓൾഡ് സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കാനുള്ള അവസാന തീയതി ഒക്ടോബർ 31.

സെപ്റ്റംബറിൽ നടന്ന ആറാം സെമസ്റ്റർ എം. സി. എ. (2015 സ്കീം-റഗുലർ & 2011 സ്കീം- സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ.

### ടൈംടേബിൾ

നവംബർ 12-ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ എം. സി. എ. (2011 സ്കീം) സപ്ലിമെന്ററി 2013 & 2014 അഡ്മിഷൻ മാത്രം) പരീക്ഷകൾക്ക് പിഴ കൂടാതെ ഒക്ടോബർ 24 വരെയും 50 രൂപ പിഴയോടുകൂടി ഒക്ടോബർ 26 വരെയും 125 രൂപ പിഴയോടുകൂടി ഒക്ടോബർ 29 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

2017 ഡിസംബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.കോം/ബി.എസ്.സി. (സി.ബി.സി.എസ്.എസ്) പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ഹാൾ ടിക്കറ്റും ഐ.ഡി. കാർഡുമായി ഒക്ടോബർ 15 മുതൽ 24 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ ഇ. ജെ. II സെക്ഷനിൽ ഹാജരാകണം.

## പി.ജി. പ്രവേശനം

കാര്യവട്ടം ഗവ. കോളേജിൽ പുതുതായി അനുവദിച്ച എം.എസ്.സി. മാത്തമാറ്റിക്സ് കോഴ്സിലേക്ക് കോളേജിൽ വച്ച് സ്പോട്ട് അഡ്മിഷൻ നടത്തും. അഡ്മിഷന് വേണ്ടി കോളേജിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 16 രാവിലെ 11 മണി. ഓൺലൈൻ രജിസ്റ്റർ ചെയ്യാത്തവർക്കും അപേക്ഷിക്കാം. ഒക്ടോബർ 16 ന് വൈകുന്നേരം 4.30 ന് കോളേജ് നോട്ടീസ് ബോർഡിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതും ഒക്ടോബർ 17 ന് അഡ്മിഷൻ നടത്തുന്നതുമാണ്. സർവകലാശാലയിലേക്ക് അപേക്ഷ നൽകേണ്ടതില്ല.

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം

2018–19 ലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള ജനറൽ/മറ്റ് സംവരണ സീറ്റുകളിലേക്ക് മേഖലാതലത്തിൽ ഒക്ടോബർ 15 ന് സ്പോട്ട് അലോട്ട്മെന്റ് നടത്തും. കൊല്ലം മേഖലയിലുള്ള കോളേജുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ കൊല്ലം എസ്. എൻ. കോളേജിലും അടൂർ മേഖലയിലുള്ള കോളേജുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അടൂർ സെന്റ് സിറിൾസ് കോളേജിലും ഒക്ടോബർ 15 ന് രാവിലെ 9 നും 11 നും മദ്ധ്യേ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരാകണം. ജനറൽ/എസ്.സി.ബി.സി വിഭാഗക്കാർ പ്രവേശന ഫീസായ 900/– രൂപയും എസ്.സി/എസ്.ടി വിഭാഗക്കാർ 340/– രൂപയും കരുതണം. വിശദവിവരങ്ങൾ http://admissions.keralauniversity.ac.in വെബ്സൈറ്റിൽ.

## ആരോഗ്യ ഇൻഷ്വറൻസ്

ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി സർക്കാർ ഏർപ്പെടുത്തിയ ആരോഗ്യ ഇൻഷ്വറൻസ് (MEDISEP) പദ്ധതി നടപ്പാക്കുന്നതിന്റെ വിവര ശേഖരണത്തിനുള്ള സമയ പരിധി ദീർഘിപ്പിച്ചിരിക്കുന്നു. ഇതുവരെ വിവരങ്ങൾ അപ്ലോഡ് ചെയ്യാത്ത സർവകലാശാല പെൻഷൻകാർ ഇതിനായി Kufinance.info എന്ന സൈറ്റിൽ Pension spot ൽ നൽകിയിട്ടുള്ള പ്രൊഫോർമയിൽ വിവരങ്ങൾ അപ്ലോഡ് ചെയ്യാവുന്നതും പ്രൊഫോർമയുടെ പ്രിന്റൗട്ട്, പ്രൊഫോർമയിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ ആധികാരികത തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നവംബർ 17 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി അസിസ്റ്റന്റ് രജിസ്ട്രാർ (അക്കൗണ്ട്സ്/പെൻഷൻ) ന് സമർപ്പിക്കേണ്ടതുമാണ്.

തിരുവനന്തപുരം.
12.10.2018



പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**